**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 237** **10-06-2024 - ൽ മറുപടിയ്ക്ക്**

**പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. എച്ച്. സലാം,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗം നടന്നിട്ടുണ്ടോ; എങ്കിൽ യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ തുടർച്ചയായി യോഗങ്ങൾ നടക്കുന്നുണ്ട്. 2024-ലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2023 ഡിസംബർ മാസം മുതൽ തന്നെ നിരവധി തവണ അവലോകന യോഗങ്ങൾ ചേർന്നിട്ടുണ്ട്. 19/12/2023, 05/03/2024, 14/03/2024, 30/04/2024, 30/05/2024 തീയതികളിലും സംസ്ഥാന തല ദ്രുതകർമ്മസേനയുടെ പ്രഥമയോഗം 21/05/2024-ലും ചേരുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വിവിധ യോഗങ്ങളിലായി കൈക്കൊണ്ട തീരുമാനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ അണുബാധ നിയന്ത്രണ പ്രോട്ടോകോളും സുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. സംസ്ഥാനത്ത് അതിശക്തമായ മഴ നിലനിന്ന പശ്ചാത്തലത്തിൽ, പകർച്ചവ്യാധികൾ വർദ്ധിക്കുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സ.ഉ.(സാധാ)നം. 1219/2024/ആ.കു.വ തീയതി 20.05.2024 പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി (ചെയർപേഴ്സൺ), പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (കോ ചെയർമാൻ), ആരോഗ്യ വകുപ്പ് ഡയറക്ടർ (കൺവീനർ), ആരോഗ്യ വകുപ്പിന് കീഴിൽ വരുന്ന വിവിധ മേധാവികൾ, ആരോഗ്യ മേഖലയിലെ |

| | | | |
|---|---|---|---|
| | | | വിദഗ്ദ്ധർ എന്നിവരടങ്ങുന്ന 25 അംഗ സംസ്ഥാനതല ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | പകർച്ചവ്യാധികൾ നിയന്ത്രണ വിധേയമാക്കുന്നതിനായി എന്തെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) | പകർച്ചവ്യാധികൾ നിയന്ത്രണ വിധേയമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**05.03.2024, 30.04.2024 , 21.05.2024, 30.05.2024 തീയതികളിൽ ചേർന്ന യോഗങ്ങളിലെ പ്രധാന തീരുമാനങ്ങൾ**

1. ആരോഗ്യ ജാഗ്രത കലണ്ടർ ' പ്രകാരം നടത്തേണ്ട മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഇന്റർസെക്ടറൽ യോഗങ്ങൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ് (നടപടി - ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്)
2. സംസ്ഥാനത്ത് ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം എന്നിവയ്ക്കെതിരെ പൊതുവായ ജാഗ്രത ഉണ്ടാകണം. ഇതുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യമെങ്കിൽ പുറപ്പെടുവിക്കേണ്ടതാണ് (നടപടി- ആരോഗ്യ വകുപ്പ് ഡയറക്ടർ).
3. പോത്തുകല്ലിലെ ഹെപ്പറ്റൈറ്റിസ് -എ ഔട്ട്ബ്രേക്കിന്റെ പശ്ചാത്തലത്തിൽ മലപ്പുറം, കോഴിക്കോട് ജില്ലകളിൽ കരുതലോടെ നീങ്ങേണ്ടതാണ്. രോഗ വ്യാപനം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ 2023 -ലെ പൊതുജനാരോഗ്യ ആക്ട് നൽകുന്ന പ്രത്യേക അധികാരങ്ങൾ അനിവാര്യമാണോ എന്നത് അടിയന്തരമായി പരിശോധിക്കേണ്ടതും ആവശ്യമെന്നു കാണുന്ന പക്ഷം സർക്കാരുമായി കൂടിയാലോചിച്ച് സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ് (നടപടി - ആരോഗ്യ വകുപ്പ് ഡയറക്ടർ).
4. ഡെങ്കി ഹോട്ട്സ്പോട്ടുകൾ എല്ലാ ജില്ലകളിലും അടയാളപ്പെടുത്തിയിട്ടുണ്ട്. അത് തദ്ദേശ സ്വയം ഭരണ വകുപ്പിനെയും ജില്ലാ ഭരണകൂടത്തെയും അറിയിക്കേണ്ടതും പത്രമാധ്യമങ്ങളിലൂടെ ഹോട്ട്സ്പോട്ടുകളുടെ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (നടപടി - അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ.)
5. വാട്ടർ തീം പാർക്കുകൾ ശരിയായ രീതിയിൽ ജല ശുദ്ധീകരണ മാർഗങ്ങൾ അവലംബിക്കേണ്ടതും പാർക്കിലെ ജലം രോഗാണു വിമുക്തമാണെന്ന് ഉറപ്പാക്കേണ്ടതുമാണ്. തീം പാർക്കുകളിൽ ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുന്നുണ്ടെങ്കിൽ ഭക്ഷണാവശിഷ്ടങ്ങൾ കഴിക്കാൻ എലിയും മറ്റും വരുന്ന സാഹചര്യം തീർത്തും ഒഴിവാക്കേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള സാംക്രമിക രോഗങ്ങൾക്ക് കാരണമാകുന്നു എന്ന് കണ്ടെത്തുന്ന പക്ഷം വാട്ടർ തീം പാർക്കുകൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. (നടപടി - ആരോഗ്യ വകുപ്പ്, ജല വിഭവ വകുപ്പ്, അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ).
6. വേനൽക്കാലത്തെ ശുദ്ധജല ദൗർലഭ്യം കണക്കിലെടുത്ത്, ഭക്ഷണ പദാർത്ഥങ്ങൾ വാങ്ങുമ്പോൾ പൊതുജനങ്ങൾ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതും, വൃത്തിഹീനമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, വഴി വാണിഭക്കാർ, വഴിയോരക്കച്ചവടക്കാർ എന്നിവരിൽ നിന്നും ഭക്ഷണ പദാർത്ഥങ്ങൾ വാങ്ങുന്നത് ഒഴിവാക്കണമെന്നുമുള്ള നിർദ്ദേശം നൽകേണ്ടതാണ് (നടപടി - ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, ആരോഗ്യ വകുപ്പ് ഡയറക്ടർ).
7. റസ്റ്റോറന്റുകൾ, ഹോട്ടലുകൾ, വഴിയോരക്കടകൾ, കാറ്ററിങ് സേവന ദാതാക്കൾ, രജിസ്റ്റർ ചെയ്തിട്ടുള്ള തട്ടുകടകൾ ഉൾപ്പെടെയുള്ളവയിൽ സുരക്ഷിതമല്ലാത്ത ഭക്ഷണം വിളമ്പുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് അനുവർത്തിക്കേണ്ടതും ഒഴിവാക്കേണ്ടതുമായ കാര്യങ്ങൾ (Dos & DONTs) ഉൾക്കൊള്ളിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. (നടപടി - ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)
8. ഹോട്ടലുകൾ, ജ്യൂസ് പാർലറുകൾ തുടങ്ങിയ ഇടങ്ങളിൽ ഭക്ഷണം പാകം ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ് ( നടപടി - ഭക്ഷ്യ സുരക്ഷാ വകുപ്പ്, ആരോഗ്യ വകുപ്പ്).
9. പകർച്ചവ്യാധികൾ ഉള്ളവർ ആ സമയങ്ങളിൽ ഭക്ഷണ ശാലകളിൽ ജോലി ചെയ്യാൻ പാടില്ലാത്തതും ഇവർ ഭക്ഷണം പാകം ചെയ്യാനോ വിളമ്പാനോ പാടില്ലാത്തതുമാണ്. ഇത്തരത്തിൽ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ അടച്ചുപൂട്ടുന്നതുൾപ്പടെയുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ് (നടപടി - ഭക്ഷ്യ സുരക്ഷാ കമ്മീഷണർ).

10. പൊതു തെരഞ്ഞെടുപ്പ്, പെരുന്നാളുകൾ, ഉത്സവങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിൽ ധാരാളം ജനങ്ങൾ ഒരുമിച്ച് വരുന്ന അവസരങ്ങളിൽ, ചൂടുകാലമായതിനാൽ തന്നെ വിവിധതരം ശീതള പാനീയങ്ങൾ ഉപയോഗിക്കുന്ന സാഹചര്യം ഉണ്ടാകും. ഈ വസ്തുത കണക്കിലെടുത്ത്, ശീതള പാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് ആരോഗ്യത്തിന് ഹാനികരമല്ലാത്തവയാണെന്ന് ഉറപ്പുവരുത്തുന്നതിനായി ഈ വേനൽക്കാലത്ത് ഒരു പ്രത്യേക യജ്ഞം (Special Drive) വിഭാവനം ചെയ്ത് സംസ്ഥാന തലത്തിൽ ക്യാമ്പയിനായി നടപ്പിലാക്കേണ്ടതാണ്. (നടപടി - ഭക്ഷ്യ സുരക്ഷാ കമ്മീഷണർ).
11. '2023-ലെ കേരള പൊതുജനാരോഗ്യ ആക്ട് പ്രകാരം മെഡിക്കൽ ഓഫീസറാണ് പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസർ. ആയതിനാൽ പ്രസ്തുത ആക്ട് നിഷ്കർഷിക്കുന്ന പ്രകാരമുള്ള യോഗങ്ങൾ അടിയന്തരമായി അതത് തലങ്ങളിൽ വിളിച്ച് ചേർക്കേണ്ടതും അത്തരം നടപടികൾക്ക് തുടർച്ചയുണ്ടാകേണ്ടതുമാണ്. (നടപടി - ആരോഗ്യ വകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ )
12. മരുന്നുകൾ, വ്യക്തിഗത സുരക്ഷാ സാമഗ്രികൾ, ബ്ലീച്ചിംഗ് പൗഡർ പോലുള്ള രാസവസ്തുക്കൾ എന്നിവ ആവശ്യത്തിന് സ്റ്റോക്ക് ഉണ്ടോയെന്ന് ഉറപ്പുവരുത്തുക (നടപടി - ജില്ലാ മെഡിക്കൽ ഓഫീസർമാർ, എം.ഡി, കെ.എം.എസ്. സി.എൽ )
13. അതിഥി തൊഴിലാളികൾക്കിടയിലെ മലേറിയ കേസുകളുടെ വർദ്ധനവ്, പ്രസ്തുത സാഹചര്യത്തിന്റെ ഗുരുതരാവസ്ഥ, ആരോഗ്യ വകുപ്പ് നേരിടുന്ന വെല്ലുവിളികൾ എന്നിവയുടെ വിശദാംശങ്ങൾ തൊഴിൽ വകുപ്പിനെ അറിയിക്കേണ്ടതാണ്. തൊഴിൽ വകുപ്പുമായി സഹകരിച്ച് മൈഗ്രന്റ് സ്ക്രീനിംഗ് ഫലപ്രദമായി നടത്തേണ്ടതാണ്. അതിഥി തൊഴിലാളികൾക്ക് അവരുടെ മാതൃഭാഷയിൽ ബോധവൽക്കരണം നൽകേണ്ടതാണ് (നടപടി - IDSP - സ്റ്റേറ്റ് നോഡൽ ഓഫീസർ, അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ, ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)
14. മലേറിയ കേസുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്ന ജില്ലകളിലെ ജില്ലാ ഭരണകൂടത്തിന്റെയും പ്രാദേശിക ഭരണകൂടത്തിന്റെയും ശ്രദ്ധയിൽ ഈ വിഷയം അർഹിക്കുന്ന ഗൗരവത്തോടെ എത്തിക്കേണ്ടതാണ്. (നടപടി - ആരോഗ്യ വകുപ്പ് ഡയറക്ടർ, അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ)
15. ഡെങ്കി വൈറസുകളുടെ വൈറോളജിക്കൽ അനാലിസിസ് തടസ്സമില്ലാതെ നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ( നടപടി - ആരോഗ്യ വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് ഡയറക്ടർ)
16. വയനാട്, കോഴിക്കോട് ജില്ലകളിൽ നിപ സംബന്ധിച്ച് IEC പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതുണ്ട്. വയനാട്, കോഴിക്കോട് ജില്ലകളിൽ ലക്ഷ്യമിടുന്ന നിപ ട്രൂനാറ്റ് ടെസ്റ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. (നടപടി - നോഡൽ ഓഫീസർ - വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റിസിലിയൻസ്, ആരോഗ്യ വകുപ്പ് ഡയറക്ടർ, അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ )
17. 'ഡ്രൈ ഡേ' ആചരണം വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുമായി ചേർന്ന് കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്. "ഡങ്കിപ്പനിയെ തടയേണ്ടത് എന്റെ ഉത്തരവാദിത്തം" എന്ന സന്ദേശത്തിലധിഷ്ഠിതമായി IEC പ്രവർത്തനങ്ങൾ താഴെത്തട്ടിൽ നടത്തേണ്ടതാണ്. (നടപടി - സ്റ്റേറ്റ് സർവയലൻസ് ഓഫീസർ, ജില്ലാ സർവയലൻസ് ഓഫീസർമാർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)
18. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ, 24X7 ആയി പ്രവർത്തിക്കുന്ന സ്റ്റേറ്റ് കൺട്രോൾ റൂം അടിയന്തരമായി പ്രവർത്തനം ആരംഭിക്കേണ്ടതാണ്. ആയതിനായി മാത്രം അനുവദിച്ചിട്ടുള്ള ഫോൺനമ്പറുകളും ജീവനക്കാരും കൺട്രോൾ റൂമിന്റെ ഭാഗമായി ഉണ്ടായിരിക്കേണ്ടതാണ്. (നടപടി - ആരോഗ്യ വകുപ്പ് ഡയറക്ടർ)
19. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിലും നിയന്ത്രണ പ്രവർത്തനങ്ങളിലും IMA, IAP തുടങ്ങിയ സംഘടനകളുടെ സഹായത്തോടെ സ്വകാര്യ ആശുപത്രികളുടെ സഹകരണം ഉറപ്പാക്കേണ്ടതാണ്. (നടപടി - ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ)

20. കുടിവെള്ള വിതരണ ശൃംഖലയിലെ ക്ലോറിനേഷൻ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ചും കുടിവെള്ളത്തിൽ സെപ്റ്റിക് മാലിന്യങ്ങൾ കലരുന്നത് ഒഴിവാക്കുന്നത് സംബന്ധിച്ചും ജലവിഭവ വകുപ്പുമായി പ്രത്യേകം ചർച്ച ചെയ്യേണ്ടതാണ്. (നടപടി – ആരോഗ്യ കുടുംബക്ഷേമ വകുപ്പ് )
21. സംസ്ഥാന വ്യാപകമായി ആശാ വർക്കർമാർ, വാർഡുതല സാനിറ്റേഷൻ കമ്മിറ്റി മുഖേന കിണറുകളിലെ ക്ലോറിനേഷൻ ശാസ്ത്രീയമായി നടത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. (നടപടി – ആരോഗ്യ വകുപ്പ് ഡയറക്ടർ, ജില്ല മെഡിക്കൽ ഓഫീസർമാർ, അതത് മെഡിക്കൽ ഓഫീസർമാർ )
22. 'തിളപ്പിച്ചാറ്റിയ വെള്ളമാണ് ജലജന്യരോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ മാർഗ്ഗം' എന്ന അടിസ്ഥാന തത്വം ജനങ്ങളിൽ എത്തിക്കേണ്ടതാണ്. ഇതിനായി, ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ വളരെ ഹ്രസ്വവും സംവേദനക്ഷമവുമായ വീഡിയോ/ഓഡിയോ സന്ദേശം തയ്യാറാക്കി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യേണ്ടതാണ്. (നടപടി – സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ)
23. ഇൻഫെക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ എല്ലാം ആശുപത്രികളും കൃത്യമായി പിന്തുടരേണ്ടതാണ്. (നടപടി – ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ)
24. ആശുപത്രികളിൽ രോഗികളെ സന്ദർശിക്കുന്നത് കഴിവതും ഒഴിവാക്കേണ്ടതാണ്. കുട്ടികൾ, ഗർഭിണികൾ, പ്രായമായവർ, അനുബന്ധ രോഗങ്ങളുള്ളവർ എന്നിവർ ആശുപത്രികളിലും പൊതുസ്ഥലങ്ങളിലും മാസ്ക് നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്.
25. ആശുപത്രികളിലെ കൊതുക നിർമ്മാർജ്ജനം കൃത്യമായി നടപ്പാക്കേണ്ടതാണ്. പനി വാർഡുകളിലെ രോഗികളെയും ഡങ്കിപ്പനി സംശയിക്കുന്ന രോഗികളെയും കൊതുകുവലയ്ക്കുള്ളിൽ കിടത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആശുപത്രികളിലെ OP ഉൾപ്പെടെയുള്ള ഭാഗങ്ങൾ ഡങ്കിപ്പനിയുടെ epicentre ആകാതിരിക്കാൻ അതീവ ജാഗ്രത പുലർത്തേണ്ടതാണ്. (നടപടി – അതത് മെഡിക്കൽ ഓഫീസർമാർ/ സൂപ്രണ്ടുമാർ)
26. ഡെങ്കി/എലിപ്പനി റഫറൽ പ്രോട്ടോക്കോളിലെ Red Flag Signs അടിസ്ഥാനപ്പെടുത്തിയായിരിക്കണം രോഗികളെ മെഡിക്കൽ കോളേജ് ആശുപത്രികളിലേയ്ക്ക് ( tertiary care centres) റഫർ ചെയ്യേണ്ടത് എന്ന സന്ദേശം എല്ലാ ഡോക്ടർമാരിലും എത്തിക്കേണ്ടതാണ്. പരിശീലന പരിപാടികളിൽ ഇക്കാര്യത്തിന് പ്രത്യേക ഊന്നൽ നല്കേണ്ടതുമാണ്. (നടപടി – ആരോഗ്യ വകുപ്പ് ഡയറക്ടർ )
27. ആരോഗ്യ വകുപ്പിൽ പകർച്ചവ്യാധി പ്രതിരോധത്തിൽ ഇതിനോടകം പരിശീലനം കിട്ടിയ ആരോഗ്യ പ്രവർത്തകരെ പ്രയോജനപ്പെടുത്തിക്കൊണ്ട് ആവശ്യമായ പരിശീലനം മറ്റ് ആരോഗ്യ പ്രവർത്തകർക്ക് ഓൺലൈനായി നൽകേണ്ടതാണ്. (നടപടി – ആരോഗ്യ വകുപ്പ് ഡയറക്ടർ )
28. പരിശീലനം നേടിയ വൺ ഹെൽത്ത് കമ്മ്യൂണിറ്റി വോളന്റിയർമാരുടെ സേവനം പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ കഴിയുന്ന രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതാണ്. (നടപടി – ആരോഗ്യ വകുപ്പ് ഡയറക്ടർ, നോഡൽ ഓഫീസർ– സെന്റർ ഫോർ വൺ ഹെൽത്ത് )
29. സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ പകർച്ചവ്യാധി ഔട്ട്ബ്രേക്കുകൾ ഉണ്ടോയെന്നത് പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്. (നടപടി – ആരോഗ്യ വകുപ്പ് ഡയറക്ടർ, അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ സർവ്വയലൻസ് ഓഫീസർമാർ)
30. ഓരോ മരണവും case by case ആയി പഠിച്ച് കാരണം കണ്ടെത്താൻ ശ്രമിക്കണം. ഡെത്ത് ഓഡിറ്റിംഗ് കൃത്യമായും നടത്തേണ്ടതും ആയതിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനങ്ങളിൽ /ചികിത്സയിൽ ഗുണപരമായ മാറ്റം കൊണ്ടുവരേണ്ടതുമാണ്. (നടപടി – ആരോഗ്യ വകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, റീജിയണൽ PEID സെല്ലുകൾ)
31. നിലവിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള സംസ്ഥാനതല മോണിറ്ററിംഗ് സെല്ലുമായി ഏകോപിപ്പിച്ച് മിനിമം ജീവനക്കാരുടെ സഹകരണം ഉറപ്പാക്കിക്കൊണ്ട് ജില്ലാ തല

മോണിറ്ററിംഗ് സെല്ലുകൾ അടിയന്തരമായി ആരംഭിക്കേണ്ടതാണ് (നടപടി – ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, മെഡിക്കൽ കോളേജ് സൂപ്രണ്ടുമാർ)

32. ജില്ലയിലെ ഒരു ആശുപത്രിയിലെങ്കിലും ഫീവർ ഒ.പി രാത്രി എട്ട് മണി വരെ പ്രവർത്തിപ്പിക്കണം. (നടപടി – ജില്ലാ മെഡിക്കൽ ഓഫീസർമാർ)
33. ഓരോ ദുരിതാശ്വാസ ക്യാമ്പിലും ക്യാമ്പ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നവരിൽ ഒരു ആരോഗ്യ പ്രവർത്തകയോ പ്രവർത്തകനോ ഉണ്ടായിരിക്കേണ്ടതാണ് (നടപടി – റവന്യൂ അധികാരി / ജില്ലാ ദുരന്ത നിവാരണ അതോറിറ്റി)
34. ദുരിതാശ്വാസ ക്യാമ്പുകളിൽ ഡോക്സിസൈക്ലിൻ വിതരണം ചെയ്യേണ്ടതാണ്. ദുരിതാശ്വാസ ക്യാമ്പുകളിലെ ഡയാലിസിസ് രോഗികളുടെയും ഗർഭിണികളുടെയും തുടർ ചികിത്സ ഉറപ്പുവരുത്തേണ്ടതാണ്. (നടപടി – ജില്ലാ മെഡിക്കൽ ഓഫീസർമാർ)
35. റിമോട്ട് സ്ഥലങ്ങളിൽ ആംബുലൻസ് സർവ്വീസ് ഉണ്ടോ എന്ന് പരിശോധിച്ച് ഒരു ആശുപത്രിയിലെങ്കിലും ആംബുലൻസ് സൗകര്യം സജ്ജമാക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്. ( നടപടി – ജില്ലാ മെഡിക്കൽ ഓഫീസർമാർ
36. മൺസൂൺ കാലത്ത് പകർച്ചവ്യാധി കേസുകളിലെ വർദ്ധനവിന് സാധ്യതയുള്ളതിനാൽ, ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിലെ നിലവിലെ ഒഴിവുകൾ അടിയന്തരമായി നികത്തേണ്ടതാണ്. (നടപടി – സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ ദൗത്യം)
37. ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും പി.എസ്.സി നിയമനങ്ങൾ ത്വരിതപ്പെടുത്താനുള്ള നടപടികളും അവധിയിലുള്ളവരെ തിരിച്ചു വിളിക്കേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്. (നടപടി – ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, മെഡിക്കൽ കോളേജ് സൂപ്രണ്ടുമാർ)
38. ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും അനധികൃത അവധിയിലുള്ള ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണ്. (നടപടി – ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, മെഡിക്കൽ കോളേജ് സൂപ്രണ്ടുമാർ).

സെക്ഷൻ ഓഫീസർ

അനുബന്ധം 2

## പകർച്ചവ്യാധികൾ നിയന്ത്രണ വിധേയമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

- മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ അവലോകനം ചെയ്യുന്നതിനായി ബഹു മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ നിരവധി യോഗങ്ങൾ ചേർന്നിട്ടുണ്ട്. ആരോഗ്യ വകുപ്പ് മന്ത്രി 19/12/2023, 05/03/2024, 14/03/2024, 30/04/2024, 21/05/2024 എന്നീ തീയതികളിൽ യോഗം ചേർന്ന് ആവശ്യമായ നടപടി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 02/05/2024-ൽ ബഹു. മുഖ്യമന്ത്രി, ആരോഗ്യ വകുപ്പ് മന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, റവന്യൂ വകുപ്പ് മന്ത്രി തുടങ്ങിയ മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെയും ജില്ലാ കളക്ടർമാരുടെയും അവലോകനയോഗം നടത്തി. 2023 നവംബർ 13, 14 തീയതികളിൽ, 2023 ഡിസംബർ 12, 13 തീയതികളിൽ, 2024 ജനവരി 11, 12 തീയതികളിൽ, 2024 ഫെബ്രുവരി 15, 16 തീയതികളിൽ, 2024 മാർച്ച് 13, 14 തീയതികളിൽ ചേർന്ന സീനിയർ മെഡിക്കൽ ഓഫീസർമാരുടെ (SMO) കോൺഫറൻസിലും ഇക്കാര്യം സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. 17/05/2024 -ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ശുചിത്വമിഷൻ, ജില്ലാ കളക്ടർമാർ, ദുരന്തനിവാരണ അതോറിറ്റി എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് അവലോകനയോഗം വിളിച്ചുകൂട്ടുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.
- പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിൽ ദ്രുതകർമ്മസേന പുനസംഘടിപ്പിച്ചു. 21/05/2024-ൽ ചേർന്ന ദ്രുതകർമ്മസേനയുടെ പ്രഥമയോഗത്തിൽ പ്രതിരോധ പ്രവർത്തനങ്ങളും വിവിധ തലങ്ങളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ചും ചർച്ച ചെയ്യുകയുണ്ടായി. മഴക്കാല കെടുതികൾ, പകർച്ചവ്യാധികൾ തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സ്റ്റേറ്റ് RRT അംഗങ്ങൾ, ജില്ലാ ചാർജ്ജ് ഓഫീസർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ (DMO), ജില്ലാ പ്രോഗ്രാം മാനേജർമാർ (DPM), ജില്ലാ സർവലൈൻസ് ഓഫീസർമാർ (DSO) എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് തുടർന്നും അവലോകനയോഗം ചേർന്ന് നടപടി നിർദ്ദേശങ്ങൾ നൽകിയിരുന്നു.
- 2024 വർഷത്തിലേക്കുള്ള ആരോഗ്യജാഗ്രതാ കലണ്ടർ വർഷാരംഭത്തിൽ തന്നെ പ്രസിദ്ധീകരിക്കുകയും ജനുവരി മാസം തന്നെ എല്ലാ ജില്ലകളിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം കൂട്ടുകയും ചെയ്തു.
- എല്ലാ മാസവും, മൂന്നാമത്തെ ചൊവ്വാഴ്ചകളിൽ 'ഹെൽത്തി കേരള' പരിപാടിയുടെ ഭാഗമായി ഭക്ഷണശാലകളിലും മറ്റു പൊതു ഇടങ്ങളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധനകൾ നടന്നു വരുന്നു.
- എല്ലാ മാസവും സീനിയർ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിലും എല്ലാ ആഴ്ചയിലും ജില്ലാ സർവെയിലൻസ് ഓഫീസർമാരുടെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ ചേർന്ന് പകർച്ചവ്യാധി കേസുകളുടെ നിരക്കും സാന്ദ്രതയും വിലയിരുത്തി തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദഗ്ധ സംഘത്തെ ജില്ലകളിലേക്ക് അയക്കുകയും ചെയ്യുന്നു.
- വയറിളക്ക രോഗങ്ങൾ, ഹെപ്പറ്റൈറ്റിസ്-എ, മറ്റു ജലജന്യ രോഗങ്ങൾ, ചിക്കൻ പോക്സ്, എന്നിവയെ പറ്റിയുള്ള നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- കുടിവെള്ളത്തിന്റെ ലഭ്യതയും ശുദ്ധതയും ഉറപ്പ് വരുത്തുവാൻ ജല അതോറിറ്റി, ജലനിധി എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷണത്തിലൂടെയും പാനീയങ്ങളിലൂടെയും പകരുന്ന പകർച്ചവ്യാധികളും ഭക്ഷ്യവിഷബാധയും തടയുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.
- പ്രാണിജന്യ രോഗ നിയന്ത്രണത്തിനായി പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള ജില്ലകളിൽ പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. മെഡിക്കൽ ഓഫീസർമാർക്കും ഫീൽഡ് ജീവനക്കാർക്കും വിവിധ പരിശീലനങ്ങൾ നൽകിവരുന്നു.
- കൊതുകുജന്യ രോഗങ്ങൾ തടയുന്നതിനായി ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തുകയും വിദ്യാലയങ്ങൾ, ജോലിസ്ഥലങ്ങൾ,

വീടുകൾ എന്നിവിടങ്ങളിൽ എല്ലാ ആഴ്ചയും യഥാക്രമം വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 'ഡ്രൈ ഡേ' ആചരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

- എലി മൂത്രം കലർന്ന മലിനമായ വെള്ളവും മണ്ണുമായും സമ്പർക്കത്തിൽ വരാൻ സാധ്യതയുള്ളതുമായ ആളുകൾക്ക് (High risk category) ആഴ്ചയിൽ 200 mg ഡോക്സിസൈക്ലിൻ ഗുളികകൾ സൗജന്യമായി നൽകി വരുന്നു. ഇത്തരം വിഭാഗത്തിന് ആവശ്യമായ സുരക്ഷാ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്കരണം നൽകുന്നു.
- High risk വിഭാഗത്തിലുള്ള ഗർഭിണികൾ, പ്രസവാനന്തര കാലഘട്ടത്തിൽ ഉള്ളവർ, കഠിനമായ രോഗാവസ്ഥയിൽ ഉള്ളവർ, പ്രായാധിക്യം ഉള്ളവർ തുടങ്ങിയ ആളുകൾ സാമൂഹിക അകലം പാലിക്കാനും രോഗലക്ഷണങ്ങൾ ഉള്ളവരുമായുള്ള സമ്പർക്കം ഒഴിവാക്കാനുമുള്ള നിർദ്ദേശം നൽകുകയും ആവശ്യമുള്ള ഒസൽട്ടാമിവിർ ഗുളിക എല്ലാ സർക്കാർ ആശുപത്രികളിലും കെ.എം.എസ്.സി.എൽ മുഖേന ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
- ശ്വാസകോശ സംബന്ധമായ അണുബാധകൾ തടയുന്നതിന് മരുന്നുകൾ ഉപയോഗിക്കാതെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനായി ADVISORY WITH REGARD TO AUGMENTATION OF ADHERENCE TO NON-PHARMACOLOGICAL INTERVENTIONS FOR PREVENTING RESPIRATORY INFECTIONS എന്ന പേരിൽ അഡ്വൈസറി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.
- ആരോഗ്യ പ്രവർത്തകർക്ക് സ്റ്റേറ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന പകർച്ചവ്യാധികളെ പറ്റി ഓൺലൈൻ പരിശീലനങ്ങൾ നടത്തി വരുന്നു. പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട ചികിത്സാ പ്രോട്ടോക്കോളുകൾ എല്ലാ ആശുപത്രികളും കൃത്യമായി പാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
- പകർച്ചപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട ചികിത്സാ പ്രോട്ടോക്കോളുകൾ എല്ലാ ആശുപത്രികളും കൃത്യമായി പാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
- നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി പ്രവർത്തന പദ്ധതിയും മെയ് മുതൽ സെപ്റ്റംബർ വരെയുള്ള പ്രവർത്തന കലണ്ടറും തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
- എല്ലാ ആശുപത്രികളിലും ചികിത്സാ സൗകര്യം ഒരുക്കിയിട്ടുണ്ട്. ആശുപത്രിയിൽ മരുന്നിന്റെ ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. രോഗബാധിതരെ യഥാസമയം കണ്ടെത്തി രോഗബാധയേറ്റവരെ ആശുപത്രിയിൽ എത്തിച്ച് ചികിത്സ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോധവത്ക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.
- വയറിളക്കരോഗങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി 2024 ഫെബ്രുവരി 14 മുതൽ 28 വരെ Integrated Diarrhoea Control Fortnight ആചരിച്ചു.
- ഒ.ആർ.എസ്, ഡോക്സിസൈക്ലിൻ, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയവയുടെ സ്റ്റോക്ക് എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഉറപ്പാക്കിയിട്ടുണ്ട്.
- മെഡിക്കൽ കോളേജുകളിലും, അനുബന്ധ സ്ഥാപനങ്ങളിലും റഗലർ ആയി ഇൻഫെക്ഷൻ കൺട്രോളർ പ്രവർത്തനങ്ങൾ, ട്രെയിനിംഗ്, മോണിറ്ററിംഗ്, സൂപ്പർവിഷൻ, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്, മാലിന്യ നിർമ്മാർജ്ജനം, കൊതുക് നിയന്ത്രണം എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ പ്രവർത്തനങ്ങൾ അതാത് മാസങ്ങളിൽ ആശുപത്രി സൂപ്രണ്ടിന്റെയും Infection Control team, SPIED Cell -ന്റെയും നേതൃത്വത്തിൽ അവലോകനം നടത്തി ശരിയായ രീതിയിൽ നടന്നു വരുന്നുവെന്ന് ഉറപ്പ് വരുത്തുകയും അത്തരം പ്രവർത്തനങ്ങളിൽ ജീവനക്കാർക്ക് അവബോധം വരുത്തുന്നതിനു വേണ്ട ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു.
- ഡെത്ത് ഓഡിറ്റിംഗ് കൃത്യമായും നടത്തേണ്ടതാണെന്നും ആയതിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനങ്ങളിൽ /ചികിത്സയിൽ ഗുണപരമായ മാറ്റം കൊണ്ടുവരേണ്ടതുമാണെന്ന നിർദ്ദേശം നല്കിയിട്ടുണ്ട്.
- ശക്തമായ മഴ നിലനിൽക്കുന്ന സാഹചര്യത്തിൽ, അനിവാര്യമായ ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ കൺട്രോൾ സെൽ മേയ് മാസം അവസാനത്തോടെ പ്രവർത്തനം ആരംഭിച്ചിരുന്നു. ഇതിനോടനുബന്ധിച്ച് ജില്ലകളിലും കൺട്രോൾ സെൽ പ്രവർത്തിച്ചു വരുന്നു.
- ജില്ലയിലെ ഒരു ആശുപത്രിയിലെങ്കിലും ഫീവർ ഒ.പി രാത്രി എട്ട് മണി വരെ പ്രവർത്തിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പനി രോഗികളുടെ എണ്ണം വർദ്ധിക്കുകയാണെങ്കിൽ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലെയും കാഷ്വാലിറ്റിയിൽ ഫീവർ ക്ലിനിക്ക് തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ഹെപ്പറ്റൈറ്റിസ് -എ ഔട്ട് ബ്രേക്ക് ഉണ്ടായ പ്രദേശങ്ങളിൽ, കുടിവെള്ള സ്രോതസ്സുകളുടെ സൂപ്പർ ക്ലോറിനേഷൻ ശക്തിപ്പെടുത്തി കുടിവെള്ള സ്രോതസ്സുകൾ ശുദ്ധമാണെന്ന് ഉറപ്പ്

വരുത്തി വരുന്നു. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം ഉപയോഗിക്കാനായുള്ള നിർദ്ദേശം ഉൾപ്പെടെ വളരെ ശക്തമായ IEC പ്രവർത്തനനങ്ങൾ രോഗബാധിത പ്രദേശത്ത് നടത്തി വരുന്നു.

- Severe Hepatitis-A രോഗമുള്ളവരെ ചികിത്സിക്കുന്നതു സംബന്ധിച്ച് ഒരു Standard Operating Procedure കഴിഞ്ഞ മാസം പുറപ്പെടുവിച്ചിട്ടുണ്ട്. Plasma Exchange ചികിത്സാ രീതി (PLEX) അനിവാര്യ ഘട്ടങ്ങളിൽ ശാസ്ത്രീയമായി നടത്തുന്നത് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. CMC വെല്ലൂരുമായി ചേർന്നു കൊണ്ടാണ് ഈ procedure വികസിപ്പിച്ചിട്ടുള്ളത്.
- സംസ്ഥാന തലത്തിൽ പൊതുജനാരോഗ്യ നിയമം 2023 പ്രകാരമുള്ള സമിതിയുടെ ആദ്യ യോഗം 2024 മാർച്ച് 14 ന് കൂടുകയും ജില്ലാ/ പ്രാദേശിക തലങ്ങളിൽ പ്രസ്തുത സമിതികൾ കൂടുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ സമിതികൾ രൂപീകരിക്കുകയും വിവിധ ജില്ലകളിൽ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, നിയമം ലംഘിക്കുന്നവർക്ക് നോട്ടീസ് നൽകുകയും, കേസുകൾ രജിസ്റ്റർ ചെയ്യുന്നതുൾപ്പടെയുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.
- പകർച്ചവ്യാധികൾ തടയുവാനുള്ള വിവിധ പ്രവർത്തനങ്ങളെപ്പറ്റിയും, പൊതുജനങ്ങൾ പാലിക്കേണ്ട കർത്തവ്യങ്ങളെപ്പറ്റിയും വിവിധ ദൃശ്യ-ശ്രാവ്യ-അച്ചടി-സാമൂഹിക മാധ്യമങ്ങളിലൂടെ ബോധവൽക്കരണം തുടർന്നു വരുന്നു.

സെക്രട്ടറി.